പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 228 19/12/2012-ൽ മറുപടിക്ക്

## ആദിവാസികൾക്ക് ഭൂമി നൽകാൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജെയിംസ് മാത്യു<br>,, കെ. രാധാകൃഷ്ണൻ<br>,, എസ്. രാജേന്ദ്രൻ<br>,, കെ. വി. വിജയദാസ് | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഭൂരഹിതരും നാമമാത്ര ഭൂമി ഉള്ളവരുമായ എല്ലാ ആദിവാസികൾക്കും നിയമാനുസൃതം അർഹതപ്പെട്ട ഭൂമി നൽകാനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ | ഉണ്ട്. |
| ബി | ഇതിനായി എത്ര തുക നീക്കിവച്ചിരുന്നുവെന്ന് അറിയിക്കുമോ; ഇതിനായി കണ്ടെത്തിയ ഭൂമി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; | ബി | ഇതിലേക്കാവശ്യമായ ഫണ്ട് സംസ്ഥാന സർക്കാർ സ്റ്റേറ്റ് പ്ലാനിൽ ഓരോ വർഷവും നീക്കിവയ്ക്കാറുണ്ട്. 2001 – 2002 മുതൽ നടപ്പ് വർഷം വരെ ഇപ്രകാരം നീക്കിവച്ചിട്ടുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | ഫണ്ട് (ലക്ഷത്തിൽ) |
|---|---|
| 2001-02 | 50 |
| 2002-03 | 4450 |
| 2003-04 | 400 |
| 2004-05 | 1550 |
| 2005-06 | 1000 |
| 2006-07 | 1000 |
| 2007-08 | 1300 |
| 2008-09 | 1500 |
| 2009-10 | 2500 |
| 2010-11 | 1500 |
| 2011-12 | 1500 |
| 2012-13 | 2000 |
| ആകെ | 18750 |

| | | | |
|---|---|---|---|
| | | | സർക്കാരിന്റെ കൈവശമുണ്ടായിരുന്ന റവന്യൂ ഭൂമി, മിച്ച ഭൂമി, പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ലഭ്യമായ ഭൂമി തുടങ്ങിയവയാണ് അർഹരായ പട്ടികവർഗ്ഗക്കാർക്ക് വിതരണത്തിനായി ആദ്യമായി കണ്ടെത്തി വിതരണം ചെയ്തത്. ഇതിനു പുറമെ കേന്ദ്ര സർക്കാരിന്റെ കൈവശമുണ്ടായിരുന്ന കണ്ണൂർ ജില്ലയിലെ ആറളം ഫാം ആദിവാസി പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ വില കൊടുത്തു വാങ്ങുകയും അതിൽ 3022 ഏക്കർ ഇതുവരെ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്തിട്ടുമുണ്ട്. കൂടാതെ ഈ ആവശ്യത്തിലേക്കായി 50 കോടി രൂപ TRDM ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. അതിൽ 20 കോടി രൂപ ചെലവിൽ വയനാട്ടിൽ 182.37 ഏക്കർ ഭൂമി വാങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്. |
| സി | ഇതിനകം എത്രപേർക്ക് പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകിയെന്നും ഇനി എത്രപേർക്ക് കൂടി ഭൂമി നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ? | സി | ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 6800 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 8966.34 ഏക്കർ ഭൂമി ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. 2011 ൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ശേഖരിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 10917 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾ ഉള്ളതായി കണക്കാക്കിയിരുന്നു. ഇതിൽ വയനാട് ജില്ലയിലെ 400 കുടുംബങ്ങൾക്ക് ആറളം ഫാം പുനരധിവാസ മേഖലയിൽ ഭൂമി അനുവദിച്ചു. ഇനി സംസ്ഥാനത്ത് ഭൂരഹിതരായ 10517 പട്ടികവർഗ്ഗ കുടുംബങ്ങൾ ശേഷിക്കുന്നുണ്ടെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ